**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 17** **05-12-2022 - ൽ മറുപടിയ്ക്ക്**

**വീട്ടുവാടക ബത്ത നിരക്കിലെ വ്യത്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പഞ്ചായത്ത് പരിധിയിലും നഗരപരിധിയിലും ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് എത്ര ശതമാനം വീട്ടുവാടക ബത്തയ്ക്കാണ് അർഹതയുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 10.02.2021-ലെ സ.ഉ (അ) നം.27/2021/ധന. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ചുവടെ ചേർക്കും വിധത്തിലാണ് ജീവനക്കാർക്ക് വീട്ടുവാടക ബത്ത അനുവദിച്ചിരിക്കുന്നത്.<br>**കോർപ്പറേഷൻ പരിധി (10%)**<br>**ജില്ലാ ആസ്ഥാനങ്ങളിലെ മുനിസിപ്പാലിറ്റികൾ (8%)**<br>**ജില്ലാ ആസ്ഥാനങ്ങൾക്ക് പുറത്തുള്ള മുനിസിപ്പാലിറ്റികൾ (6%)**<br>**പഞ്ചായത്ത് പ്രദേശങ്ങൾ (4%)** |
| (ബി) | കാസർഗോഡ് ജില്ലാ ആസ്ഥാനത്ത് സിവിൽ സ്റ്റേഷനിൽ ഉൾപ്പെടെ രണ്ടുതരം വീട്ടുവാടക ബത്ത നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | കാസർഗോഡ് സിവിൽ സ്റ്റേഷനിൽ റവന്യൂ വകുപ്പിലെ ഏതാനം ജീവനക്കാർക്ക് 4 ശതമാനം വീട്ടുവാടക അലവൻസ് മാത്രം കിട്ടുമ്പോൾ മറ്റ വിവിധ വകുപ്പുകളിൽ ജീവനക്കാർക്ക് 6 ശതമാനം നൽകിവരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | കോർപ്പറേഷൻ പരിധിക്ക് പുറത്ത് സ്ഥിതി ചെയ്യുന്ന ഏതെങ്കിലും ജില്ലകളിലെ ആസ്ഥാനങ്ങൾക്ക് നിശ്ചിത ഭൂപരിധി 3 കിലോമീറ്റർ ചുറ്റളവ് എന്ന ഇളവ് പ്രയോജനപ്പെടുത്തി വീട്ടുവാടക ബത്ത നൽകി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ഡി) | എറണാകുളം ജില്ലയിലെ കാക്കനാട് സിവിൽ സ്റ്റേഷന്റെ 3 കിലോമീറ്റർ പരിധിയ്ക്കുള്ളിൽ വരുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ക്ലാസ്-എ നിരക്കിൽ വീട്ടുവാടക ബത്ത അനുവദിക്കുന്നുണ്ട്. |
| (ഇ) | കാസർഗോഡ് സിവിൽ സ്റ്റേഷൻ നഗരസഭയുടെ എത്ര മീറ്ററിനുള്ളിലാണ് സ്ഥിതി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; സിവിൽ സ്റ്റേഷനും അനുബന്ധ ഓഫീസുകളും ചെങ്കള പഞ്ചായത്തിലും സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിന്റെ ചിലഭാഗം കാസർകോട് | (ഇ) | കാസർഗോഡ് സിവിൽ സ്റ്റേഷൻ, നഗരസഭയുടെ അതിർത്തിയിൽ, ചെങ്കള പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. 10.02.2021-ലെ സ.ഉ (അ) നം.27/2021/ധന. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിന്റെ ഖണ്ഡിക 12 പ്രകാരം **പഞ്ചായത്ത്** |

| | | | |
|---|---|---|---|
| | നഗരസഭാ അതിർത്തിയിലും സ്ഥിതി ചെയ്യുന്ന കാസർകോട് സിവിൽ സ്റ്റേഷനിലെ ജീവനക്കാർക്ക് 6 ശതമാനം വീട്ടുവാടക ബത്ത നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ? | | **പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിലെ ജീവനക്കാർക്ക് 4%** വീട്ടുവാടക ബത്തയ്ക്കാണ് അർഹതയുള്ളത്. കാസർകോട് സിവിൽ സ്റ്റേഷനിലെ ജീവനക്കാർക്ക് 6 ശതമാനം വീട്ടുവാടക ബത്ത നൽകുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ